# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1669 — 14.12.2012-ൽ മറുപടിക്ക്.

### ഇ.എം.എസ് ഭവന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 2011 മാർച്ച് 31 വരെ എത്ര വീടുകൾക്ക് പൂർണ്ണമായും എത്ര വീടുകൾക്ക് ഭാഗികമായും വീട് വയ്ക്കുന്നതിന് ധന സഹായം നൽകിയെന്ന് വിശദമാക്കാമോ; | (എ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പഞ്ചായത്ത് തലത്തിൽ 2011 മാർച്ച് 31 വരെ ഭവന നിർമ്മാണത്തിനായി 65787 വീടുകൾക്ക് പൂർണ്ണമായും 63047 വീടുകൾക്ക് ഭാഗികമായും ധനസഹായം നൽകിയിട്ടുണ്ട്. നഗരസഭാതലത്തിലുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എത്ര പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തെന്നു വ്യക്തമാക്കുമോ: എത്ര രൂപ വീതം അനുവദിച്ചു നൽകിയെന്നു വെളിപ്പെടുത്തുമോ; | (ബി) | ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തി പദ്ധതിക്കാവശ്യമായ ഗുണഭോക്തൃ ലിസ്റ്റ് ആദ്യഘട്ടത്തിൽ തയ്യാറാക്കിയ ശേഷമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. അർഹതപ്പെട്ട ഏതെങ്കിലും കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടതായി ബോദ്ധ്യപ്പെടുന്ന പക്ഷം ഈ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിയ്ക്കുകയും ജില്ലാകളക്ടർമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അർഹതാ പരിശോധന നടത്തി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ കൂട്ടിച്ചേർക്കൽ മാത്രമാണ് പിന്നീട് നടത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽ പ്രകാരം കൂട്ടിച്ചേർത്ത ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം മറ്റേതെങ്കിലും സ്കീമിൽ പഞ്ചായത്തുകൾ വഴി വീട് വയ്ക്കുന്നതിന് സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര രൂപ വീതം അനുവദിച്ചു നൽകി എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ഐ.എ.വൈ ഭവന പദ്ധതിയും ഗ്രാമപഞ്ചായത്തുകൾ പ്രത്യേകമായി ഏറ്റെടുക്കുന്ന ഭവന പദ്ധതികളുമാണ് ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഗ്രാമപഞ്ചായത്തു തലത്തിൽ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ